**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2053** **29-09-2025 - ൽ മറുപടിയ്ക്ക്**

**കേരള മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷനിലെ മാർക്കറ്റിംഗ് കൺസൾട്ടന്റ് തസ്തിക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | കേരള കോ-ഓപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷനിൽ മാർക്കറ്റിംഗ് കൺസൾട്ടന്റ് തസ്തികയിലെ നിയമനം സംബന്ധിച്ച് പരാതികൾ എന്തെങ്കിലും ലഭിച്ചിട്ടുണ്ടോ; അതിൽ അന്വേഷണം നടത്തിയിട്ടുണ്ടോ; അന്വേഷണ റിപ്പോർട്ടും വിശദാംശങ്ങളും ലഭ്യമാക്കാമോ; | (എ) | ഉണ്ട്. കേരള കോ-ഓപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷനിലെ മാർക്കറ്റിംഗ് കൺസൾട്ടന്റ് തസ്തികയിലെ നിയമനം സംബന്ധിച്ച് 24.08.2025 ൽ ശ്രീ.തോമസ് മാത്യു സമർപ്പിച്ച പരാതി സർക്കാരിൽ ലഭിച്ചിട്ടുണ്ട്.<br><br>കൂടാതെ, ക്ഷീര സഹകരണ സംഘം രജിസ്ട്രാർക്കും ഇത് സംബന്ധിച്ച് പരാതി ലഭിക്കുകയും, പരാതിയിന്മേൽ ക്ഷീര വികസന വകുപ്പ് സ്റ്റേറ്റ് ഡയറി ലാബ് ജോയിന്റ് ഡയറക്ടർ മുഖാന്തരം അന്വേഷണം നടത്തുകയും പ്രസ്തുത നിയമനം ക്രമപ്രകാരമല്ലായെന്ന് കണ്ടെത്തുകയും ചെയ്തിട്ടുണ്ട്. തുടർന്ന് ഈ വിവരം മിൽമ എം.ഡി യെ അറിയിക്കുകയും ഈ വിഷയത്തിൽ കേരള സഹകരണ നിയമവും, ചട്ടങ്ങളും പാലിച്ച് മാത്രമേ തുടർ നടപടികൾ സ്വീകരിക്കുന്നുള്ളൂ എന്ന് ഉറപ്പു വരുത്തുവാൻ ക്ഷീര വികസന വകുപ്പ് ഡയറക്ടർക്ക് നിർദേശം നൽകുകയും ചെയ്തിട്ടുണ്ട്. റിപ്പോർട്ട് ഉള്ളടക്കം ചെയ്യുന്നു. |
| (ബി) | പ്രസ്തുത സ്ഥാപനത്തിൽ താൽക്കാലിക നിയമനം ലഭിക്കുന്നവർക്ക് വിമാനയാത്ര ആനുകൂല്യം അനുവദിക്കുന്നുണ്ടോ; വിമാനയാത്ര നടത്തിയ വകയിൽ ജീവനക്കാർക്കായി ചെലവഴിച്ച തുകയുടെ വിശദാംശം അവരുടെ തസ്തിക തിരിച്ച് ലഭ്യമാക്കാമോ; | (ബി) | കേരള സഹകരണ ക്ഷീര വിപണന ഫെഡറേഷനിലെ വ്യവസ്ഥകൾ പ്രകാരം ഗ്രേഡ് 1 വിഭാഗത്തിൽപ്പെടുന്ന ഉദ്യോഗസ്ഥർക്ക് വിമാനയാത്രയ്ക്ക് അനുമതിയുണ്ട്. ഇതിനു പുറമേ മാനേജിംഗ് ഡയറക്ടറുടെ പ്രത്യേക അനുമതിയോടുകൂടി ചില പ്രത്യേക സാഹചര്യങ്ങളിൽ മറ്റ് വിഭാഗക്കാർക്കും വിമാന യാത്രയ്ക്ക് അനുമതി നൽകാറുണ്ട്. 2024 സെപ്റ്റംബർ മാസം വരെ കൺസൾട്ടന്റ് തസ്തികയിൽ നിയമിതനായ ഉദ്യോഗസ്ഥന് വിമാന യാത്ര ചിലവ് ഇനത്തിൽ 1,24,523/- രൂപയും അസിസ്റ്റന്റ് ഓഫീസർ തസ്തികയിലെ ജീവനക്കാരന് 22,366/- രൂപയും ചെലവഴിച്ചിട്ടുണ്ട്. നിലവിൽ ടി ജീവനക്കാർ സർവ്വീസിൽ തുടരുന്നില്ല. |

| | | | |
|---|---|---|---|
| (സി) | പ്രസ്തുത സ്ഥാപനത്തിൽ പി. എസ്. സി. വഴി നിയമനം നടത്തേണ്ട തസ്തികകളിൽ എത്രയെണ്ണം ഒഴിഞ്ഞുകിടക്കുന്നുണ്ടെന്നും അവയിൽ എത്രയെണ്ണം പി. എസ്. സി. ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും വ്യക്തമാക്കാമോ? | (സി) | കേരള സഹകരണ ക്ഷീര വിപണന ഫെഡറേഷനിൽ പി.എസ്.സി. വഴി നിയമനം നടത്തേണ്ടവയിൽ 55 എണ്ണം ഒഴിഞ്ഞുകിടക്കുന്നു. ആയത് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ളതാണ്. |

സെക്ഷൻ ഓഫീസർ

<u>കേരളാ സഹകരണ ക്ഷീര വിപണന ഫെഡറേഷനിൽ മാർക്കെറ്റിംഗ് വിഭാഗത്തിലേക്ക് കൺസൾട്ടൻസി വ്യവസ്ഥയിൽ നിയമനം നടത്തിയത് സംബന്ധിച്ച് ശ്രീ . തോമസ് മാത്യൂ , ട്രൂ മീഡിയ , വെണ്ടപ്പുറത്ത് ബിൽഡിംഗ്, കോയിപ്പുറം പി. ഒ. , സി. എം. ഒ. പോർട്ടൽ മുഖേന സമർപ്പിച്ച പരാതിയിൽ ക്ഷീര വികസന വകുപ്പ് ഡയറക്ടർ/ക്ഷീര സഹകരണ സംഘം രെജിസ്ട്രാറുടെ 26/12/2024 ലെ DDDKER/3647/2024-C1 നമ്പർ ഉത്തരവ് പ്രകാരം അന്വേഷണം നടത്തി സമർപ്പിക്കുന്ന റിപ്പോർട്ട്.</u>

**I. മാർക്കെറ്റിംഗ് വിഭാഗത്തിലേക്ക് കൺസൾട്ടൻസി വ്യവസ്ഥയിൽ നിയമനം നടത്തിയത് സംബന്ധിച്ച്.**

26/04/2022 ൽ കൂടിയ കേരളാ സഹകരണ ക്ഷീര വിപണന ഫെഡറേഷൻറെ 346 -ാം മത് ഭരണ സമിതി യോഗത്തിലെ 3336 -ാം നമ്പർ തീരുമാനം ( അനുബന്ധം - 1 )

*ഫെഡറേഷന്റെ മാർക്കറ്റിംഗ് വിഭാഗത്തിന്റെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനും ഏകീകരിച്ച് നടപ്പിലാക്കുന്നതിനും നിർദേശങ്ങളും ആശയങ്ങളും നൽകി മേൽനോട്ടം വഹിക്കുന്നതിനും ഈ മേഖലകളിൽ പ്രവർത്തി പരിചയമുള്ള മാനേജർ പദവിയിലുള്ള വ്യക്തിയെ കൺസൾട്ടൻസി വ്യവസ്ഥയിൽ നിയോഗിക്കുന്നതിനും യോഗ്യതയായി 50 വയസ്സും എം. ബി. എ. മാർക്കെറ്റിംഗും എഫ്. എം. സി. ജി. മാർക്കറ്റിംഗിൽ 10 വര്ഷം പരിചയ സമ്പന്നതയും ഉൾപ്പെടുത്തുവാനും ഭരണ സമിതി തീരുമാനിക്കുകയും മേല്പറഞ്ഞ യോഗ്യതയുള്ള വ്യക്തിയെ നിയമിക്കുന്നതിന് നടപടികൾ സ്വീകരിച്ച് വിശദാംശങ്ങൾ അടുത്ത ഭരണ സമിതി യോഗത്തിൽ സമർപ്പിക്കുവാനും മാനേജിംഗ് ഡയറക്ടറെ ചുമതലപ്പെടുത്തി*

കേരളാ സഹകരണ ക്ഷീര വിപണന ഫെഡറേഷൻ മാനേജിംഗ് ഡയറക്ടറുടെ 29/04/2022 ലെ PER:04/2019 നമ്പർ കത്ത് ( അനുബന്ധം -2 ) പ്രകാരം സെന്റർ ഫോർ മാനേജ് മെൻറ് ഡെവലപ്മെന്റ് , തൈക്കാട്, തിരുവനന്തപുരം ന് താഴെ പറയും പ്രകാരം

യോഗ്യതകളും പ്രവർത്തി പരിചയവുമുള്ള ഉദ്യോഗാർത്ഥിയെ തെരഞ്ഞെടുത്ത് നൽകുന്നതിന് വർക്ക് ഓർഡർ നൽകുകയുണ്ടായി.

| Sl no. | Assignment | Qualification | No. o Posts | Remunerartion | Place of Posting |
|---|---|---|---|---|---|
| | Marketing consultant | 1. MBA with specialization in marketing or equivalent from a recognized University<br>2. 10 years experience in managerial Position in a reputed organization involving marketing of Dairy/ food products/ FMCG<br>3. Age preferably 50 years | 1 | Rs. 4000/ Day & TA, DA as per prevailing rules of KCMMF | KCMMF Head Office |

സെന്റർ ഫോർ മാനേജ്മെൻറ് ഡെവലപ്മെന്റ് ഡയറക്ടറുടെ 29/06/2022 ലെ CMD/489/22 നമ്പർ കത്ത് (അനുബന്ധം -3 ) പ്രകാരം രണ്ട് ഉദ്യോഗാർഥികളെ തെരഞ്ഞെടുത്ത് മാർക്ക് ലിസ്റ്റ്, റാങ്ക് ലിസ്റ്റ് എന്നിവ കേരളാ സഹകരണ ക്ഷീര വിപണന ഫെഡറേഷന് ലഭിക്കുകകയുണ്ടായി.

| SL. No. | Roll No. | Name | Address | Marks Scored ( Out of 20 ) |
|---|---|---|---|---|
| 1 | 25001 | Ramesan P. A. | Sabhalayam, East Kurumassery, Kurumassery P.O., Aluva Ernakulam– 683 579 | 14 |
| 2 | 25002 | Shreejith R Nair | Sree Sadanam , Koickal Bhagam, Peruvelikkara P. O, West Kallada, Kollam – 691500 | 13.5 |

13/07/2022 ൽ കൂടിയ കേരളാ സഹകരണ ക്ഷീര വിപണന ഫെഡറേഷന്റെ 349 –ാം മത് ഭരണ സമിതി യോഗത്തിലെ 3384 –ാം നമ്പർ തീരുമാനം (അനുബന്ധം –4 ) പ്രകാരം *ഫെഡറേഷന്റെ മാർക്കറ്റിംഗ് വിഭാഗത്തിന്റെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനും ഏകീകരിച്ച് നടപ്പിലാക്കുന്നതിനും നിർദേശങ്ങളും ആശയങ്ങളും നൽകി മേൽനോട്ടം വഹിക്കുന്നതിനും , സി. എം. ഡി. നടപടിക്രമങ്ങൾ പൂർത്തീകരിച്ച് ലഭ്യമാക്കിയിരിക്കുന്ന റാങ്ക് പട്ടികയിൽ ഒന്നാം റാങ്ക് ലഭിച്ച ശ്രീ. രമേശൻ പി. ഇ. നിയമനത്തിന് താല്പര്യമില്ല എന്ന് അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ രണ്ടാം റാങ്ക് ലഭിച്ചിരിക്കുന്ന ശ്രീ. ശ്രീജിത്. ആർ. നെ ദിവസ വേതനാടിസ്ഥാനത്തിൽ ( ദിവസം 4000/- രൂപ ) മാർക്കറ്റിംഗ് കൺസൾട്ടന്റായി കരാർ അടിസ്ഥാനത്തിൽ ഒരു വർഷത്തേക്ക് നിയമിക്കുന്നതിന് വേണ്ടിയുള്ള നടപടികൾ സ്വീകരിച്ച് രെജിസ്ട്രാറുടെ അംഗീകാരത്തിനായി സമർപ്പിക്കുവാൻ ഭരണസമിതി മാനേജിംഗ് ഡയറക്ടറെ ചുമതലപ്പെടുത്തി.*

സെന്റർ ഫോർ മാനേജ്മെൻറ് ഡെവലപ്മെന്റ് ഡയറക്ടറുടെ 14/07/2022 ലെ CMD/DS/983/2022 നമ്പർ കത്ത് (അനുബന്ധം -5 ) പ്രകാരം കേരളാ സഹകരണ ക്ഷീര വിപണന ഫെഡറേഷനിൽ മാർക്കറ്റിംഗ് കൺസൾട്ടന്റായി നിയമിച്ചു കൊണ്ട് ശ്രീ. ശ്രീജിത് . ആർ. നായർക്ക് കത്ത് നൽകുകയുണ്ടായി. 18/07/2022 ന് കേരളാ സഹകരണ ക്ഷീര വിപണന ഫെഡറേഷന്റെ ഹെഡ് ഓഫീസിൽ റിപ്പോർട്ട് ചെയ്യുന്നതിനും നിർദേശം നൽകിയിട്ടുണ്ട്.

**II. ശ്രീ. ശ്രീജിത് . ആർ. നായരുടെ യോഗ്യത സംബന്ധിച്ച വിശദാംശങ്ങൾ**

1. Bachelor of Arts ( English Literature ) – University of Kerala ( അനുബന്ധം -6 )
2. MBA from R. V. S. College of Engineering and Technology, Dindigul, Madurai Kamaraj University ( അനുബന്ധം – 7 )
3. Senior Management Programme ( Blended Learning Programme) from IIM, Ahmedabad 2017-18 (അനുബന്ധം -8 )

**III. ശ്രീ. ശ്രീജിത് . ആർ. നായരുടെ പ്രവർത്തി പരിചയം സംബന്ധിച്ച വിശദാംശങ്ങൾ**

| Sl. No. | Organization | Dairy/Food/FMCG | Period | Duration | Role |
|---|---|---|---|---|---|
| 1 | Monk Mind Solutions Pvt. Ltd. Bengaluru | Software Company | 14/12/2020 to 01/01/2022 | 1 year 18 days | Advisor-Business Development |

| | | | | | |
|---|---|---|---|---|---|
| 2 | Annapoorna Foods | Food | 06/01/2020 to30/11/2020 | 10 months 24 days | Associate Vice President |
| 3 | CPF India Pvt. Ltd. Bengaluru | Food | 10/07/2017 to 24/12/2019 | 2 years 5 months 14 days | Senior Manager, Sales |
| 4 | Team Thai ( Ashique Enterprises), Kerala | FMCG | 09/08/2013 to 05/07/2017 | 3 years 10 months 26 days | Marketing Manager, General Manager |
| 5 | Reliance Communications Ltd. | Tele communication | 22/08/2011 to 13/05/2013 | 3 years 10 months 26 days | Manager – Cluster Distribution Lead |
| 6 | Britania Industries Limited, Karnataka | Food | 01/06/2010 to 01/08/2011 | 1 year 2 months | Sales Officer |
| 7 | Odyssey India Ltd. Karnataka & Andhra Pradesh | books, multimedia, toys, station | 07/01/2008 to 19/01/2010 | 2 years 12 days | Manager- Operations |

| | | | | | |
|---|---|---|---|---|---|
| | | ery, and gifts | | | |
| 8 | Britania Industries Ltd. Karnataka | Food | 01/12/2005 to 01/01/2008 | 2 years 1 month | Territory Sale in Charge |
| 9 | AAA Coolers | | 01/01/2004 to 01/01/2005 | 1 year 10 months | Sales Executive |

ശ്രീ. ശ്രീജിത് . ആർ. നായരുടെ സേവന കാലയളവുകൾ താഴെ പറയും പ്രകാരം ബോധ്യപ്പെടുന്നു.

18/07/2022 – 17/07/2023

19/07/2023 – 18/01/2024

22/01/2024– 21/01/2025

**IV. ശ്രീ. ശ്രീജിത് . ആർ. നായർക്ക് നൽകിയ വേതനവും മറ്റ് ആനുകൂല്യങ്ങളും സംബന്ധിച്ച്**

പ്രതിദിനം 4000/- രൂപ തോതിൽ ഒരു മാസം പരമാവധി 100000/- രൂപയും ടി. എ. , ഡി. എ. എന്നിവ നിലവിലെ സമാന ക്ലാസ് ജീവനക്കാർക്ക് നൽകുന്ന നിരക്ക് അനുസരിച്ച് നൽകുന്നതിനും കേരളാ സഹകരണ ക്ഷീര വിപണന ഫെഡറേഷൻ മാനേജിംഗ് ഡയറക്ടറുടെ 29/04/2022 ലെ PER:04/2019 നമ്പർ കത്ത് (അനുബന്ധം -2 ) പ്രകാരം സെന്റർ ഫോർ മാനേജ്മെൻറ് ഡെവലപ്മെന്റ് ഡയറക്ടറെ അറിയിച്ചിട്ടുണ്ട്. എന്നാൽ സെന്റർ ഫോർ മാനേജ്മെൻറ് ഡെവലപ്മെന്റ് ഡയറക്ടറുടെ 22/01/2024 ലെ CMD/DS/RKB/125/2024 നമ്പർ കത്ത് (അനുബന്ധം - 9 ) പ്രകാരം ശ്രീ. ശ്രീജിത്. ആർ. നായരുടെ സേവന കാലയളവ് 22.01.2024 മുതൽ ഒരു വർഷത്തേക്ക് ദീർഘിപ്പിച്ചതായി അറിയിപ്പ് നൽകിയിട്ടുണ്ട്. പ്രസ്തുത കത്തിൽ ക്രമ നമ്പർ 1 മുതൽ 10 വരെ ഉപാധികളും നിബന്ധനകളും ഉൾപ്പെടുത്തിയിരിക്കുന്നു. ഇതിൽ ക്രമ നമ്പർ 4 ൽ പ്രതിഫലം പ്രതിമാസം കൺസോളിഡേറ്റഡ് പേ ഒരു ലക്ഷം ആയിരിക്കും എന്ന് കാണിച്ചിരിക്കുന്നു.

ജോലിയിൽ പ്രവേശിച്ച തിയ്യതി മുതൽ 31/12/2024 വരെ വേതനം ഇനത്തിൽ 28,79,864/- രൂപയും ടി.എ. ഇനത്തിൽ 6,76,837.67 /- രൂപയും നൽകിയതായി കാണുന്നു. വേതനം , ടി. എ. , ഡി. എ. അടക്കം മൊത്തം 35,56,701.67/- രൂപ കേരളാ സഹകരണ ക്ഷീര വിപണന ഫെഡറേഷനിൽ നിന്നും നൽകിയിട്ടുണ്ട്. (അനുബന്ധം – 10 ).

ജോലി ആവശ്യാർത്ഥം 38 യാത്രകൾ കേരളത്തിനകത്തും 28 യാത്രകൾ മറ്റ് സംസ്ഥാനങ്ങളിലും നടത്തിയതായി രേഖകൾ പരിശോധിച്ചതിൽ ബോധ്യപ്പെടുന്നു.

**VI. കേരളാ സഹകരണ ക്ഷീര വിപണന ഫെഡറേഷന് കീഴിലുള്ള സെൻട്രൽ പ്രൊഡക്ട്സ് ഡയറി- ആലപ്പുഴ, മൂന്ന് മേഖലാ യൂണിയനുകൾ എന്നിവ മുഖേന 2022, 2023, 2024 വർഷങ്ങളിൽ വിവിധ ഉത്പന്നങ്ങൾ വിപണനം നടത്തിയ കണക്കുകൾ**

കേരളാ സഹകരണ ക്ഷീര വിപണന ഫെഡറേഷന് കീഴിലുള്ള ആലപ്പുഴ സെൻട്രൽ പ്രൊഡക്ട്സ് ഡയറിയിലെ മിൽമ ഉല്പന്നങ്ങളുടെ വിപണന കണക്കു പ്രകാരം

2023 ഡിസംബർ, 2024 ജനുവരി, 2024 ഫെബ്രുവരി, 2024 മാർച്ച്, 2024 ഏപ്രിൽ, 2024 മേയ് , 2024 ജൂൺ മാസങ്ങളിൽ 10 ലക്ഷത്തിൽ കൂടുതൽ പരമാവധി 27 ലക്ഷം രൂപ വരെ വിപണനം ഉണ്ടായിട്ടുണ്ട്. എന്നാൽ ബാക്കി മാസങ്ങളിൽ വിപണനം 10 ലക്ഷത്തിൽ താഴെ മാത്രമാണ് ഉണ്ടായിട്ടുള്ളത്. മൂന്ന് മേഖലാ യൂണിയനുകളിലെയും വിപണന കണക്ക് പരിശോധിച്ചതിൽ കാര്യമായ പുരോഗതി ബോധ്യപ്പെട്ടില്ല.

പരാതിയിൽ പരാമർശിച്ച മേൽ വിഷയങ്ങൾ പരിശോധിച്ചതിൽ താഴെ പറയുന്ന വസ്തുതകൾ ബോധ്യപ്പെട്ടിരിക്കുന്നു.

1. 11/03/2022 ലെ സ. ഉ. (കൈ) നമ്പർ 1/2022/DD പ്രകാരം കേരളാ സഹകരണ ക്ഷീര വിപണന ഫെഡറേഷന്റെ അംഗീകരിച്ച സ്റ്റാഫ് പാറ്റേൺ പരിശോധിച്ചതിൽ മാർക്കറ്റിംഗ് കൺസൾട്ടന്റ് എന്ന തസ്തിക നിലവിലില്ല. കേരളാ സഹകരണ നിയമം 1969 ചട്ടം 185 എ പ്രകാരം ക്ഷീര സഹകരണ സംഘം രെജിസ്ട്രാറുടെ മുൻകൂർ അനുമതിയോടെ ഇത്തരം തസ്തികകളിൽ കരാർ അടിസ്ഥാനത്തിൽ പരമാവധി 5 വർഷം വരെ കാലയളവിലേക്ക് നിയമനം നടത്താം എന്നുണ്ടെങ്കിലും കേരളാ സഹകരണ ക്ഷീര വിപണന ഫെഡറേഷൻ മാർക്കറ്റിംഗ് കൺസൾട്ടന്റ് തസ്തികയിൽ നിയമനം നടത്തിയതിന് ചട്ടം 185 എ പ്രകാരം ക്ഷീര സഹകരണ സംഘം രെജിസ്ട്രാറുടെ മുൻകൂർ അനുമതി ലഭ്യമാക്കിയിട്ടില്ല.
2. ശ്രീ. ശ്രീജിത്. ആർ. നായരുടെ നിയമന നടപടിക്രമങ്ങൾ പരിശോധിച്ചതിൽ സെന്റർ ഫോർ മാനേജ്മെൻറ് ഡവലപ്മെന്റ് ഡയറക്ടർ നൽകിയ റാങ്ക് ലിസ്റ്റിൽ ഒന്നാമതായി വന്ന ശ്രീ. രമേശൻ പി. എ എന്ന ഉദ്യോഗാർത്ഥിക്ക് നിയമന അറിയിപ്പ് നല്കിയതിന്റെയോ , ശേഷം ജോലിയിൽ പ്രവേശിക്കാൻ താല്പര്യമില്ല എന്ന് അറിയിച്ചതിന്റെയോ രേഖകൾ കേരളാ സഹകരണ ക്ഷീര വിപണന ഫെഡറേഷനിൽ നിന്നോ സെന്റർ ഫോർ മാനേജ്മെൻറ് ഡെവലപ്മെന്റിൽ നിന്നോ ലഭ്യമായില്ല.

3. കേരളാ സഹകരണ ക്ഷീര വിപണന ഫെഡറേഷൻ മാനേജിംഗ് ഡയറക്ടറുടെ 29/04/2022 ലെ PER:04/2019 നമ്പർ കത്ത് പ്രകാരം നൽകിയ വർക്ക് ഓർഡറിൽ ആവശ്യപ്പെട്ട യോഗ്യത MBA with specialization in marketing or equivalent from a recognized University എന്നാണ്. എന്നാൽ ശ്രീ. ശ്രീജിത് . ആർ. നായരുടെ യോഗ്യതാ സർട്ടിഫിക്കറ്റ് പരിശോധിച്ചതിൽ MBA ഉണ്ടെങ്കിലും , MBA with specialization in marketing എന്ന് കാണാൻ സാധിച്ചില്ല.

4. രണ്ടാമത് യോഗ്യതയായി നിശ്ചയിച്ചിരുന്നത് , 10 years experience in Managerial Position in a reputed organization involving marketing of Dairy/ food products/ FMCG എന്നാണ്. ഡയറി സ്ഥാപനങ്ങളിൽ പ്രവർത്തി പരിചയം ഉണ്ടായിട്ടില്ല എന്നും മറ്റ് സ്ഥാപനങ്ങളിൽ വിവിധ തസ്തികകളിൽ 10 വർഷത്തിൽ കൂടുതൽ പ്രവർത്തി പരിചയം ഉള്ളതായും ബോധ്യപ്പെട്ടു. എന്നാൽ ഫുഡ്/ FMCG സ്ഥാപനങ്ങളിൽ മനേജീരിയൽ സ്ഥാനങ്ങളിലുള്ള പ്രവർത്തി പരിചയം വെറും 7 വർഷവും 3 മാസവും 4 ദിവസവും മാത്രമാണ് എന്നും കേരളാ സഹകരണ ക്ഷീര വിപണന ഫെഡറേഷൻ ആവശ്യപ്പെട്ടത് പ്രകാരം ഡയറി /ഫുഡ് / FMCG സ്ഥാപനങ്ങളിൽ മനേജീരിയൽ സ്ഥാനങ്ങളിൽ നിശ്ചിത കാലയളവ് പ്രവർത്തി പരിചയം ഉണ്ടായിട്ടില്ല എന്നും പരിശോധനയിൽ ബോധ്യപ്പെടുന്നു.

5. 18/07/2022 ന് ശ്രീ. ശ്രീജിത്. ആർ, നായർ കേരളാ സഹകരണ ക്ഷീര വിപണന ഫെഡറേഷനിൽ മാർക്കറ്റിംഗ് കൺസൾട്ടന്റ് തസ്തികയിൽ കരാർ അടിസ്ഥാനത്തിൽ ജോലിയിൽ പ്രവേശിക്കുമ്പോൾ പ്രസ്തുത തസ്തികയിലെ ചുമതലകളും ഉത്തരവാദിത്തങ്ങളും രേഖാ മൂലം നൽകിയതായി കാണാൻ സാധിച്ചില്ല. എന്നാൽ കേരളാ സഹകരണ ക്ഷീര വിപണന ഫെഡറേഷൻ മാനേജിംഗ് ഡയറക്ടറുടെ 31/03/2023 ലെ PER:11/2021/8205 , 01/06/2023 ലെ PER: 11/2021 നമ്പർ ഓഫീസ് ഉത്തരവുകളിൽ ചുമതലകളും ഉത്തരവാദിത്തങ്ങളും നൽകിയതായി കാണാൻ സാധിച്ചു.

6. പ്രതിദിനം 4000/- രൂപ തോതിൽ ഒരു മാസം പരമാവധി 100000/- രൂപയും ടി. എ. , ഡി. എ. എന്നിവ നിലവിലെ സമാന ക്ലാസ് ജീവനക്കാർക്ക് നൽകുന്ന നിരക്ക് അനുസരിച്ച് നൽകുന്നതിനും കേരളാ സഹകരണ ക്ഷീര വിപണന ഫെഡറേഷൻ മാനേജിംഗ് ഡയറക്ടറുടെ 29/04/2022 ലെ PER:04/2019 നമ്പർ കത്ത് പ്രകാരം സെന്റർ ഫോർ മാനേജ്മെൻറ് ഡെവലപ്മെന്റ് ഡയറക്ടറെ അറിയിച്ചിട്ടുണ്ട്. ജോലിയിൽ പ്രവേശിച്ചത് മുതൽ ഇത്തരത്തിലാണ് വേതനം നൽകേണ്ടിയിരുന്നത്. എന്നാൽ 2023 ഏപ്രിൽ , 2023 ജൂൺ, 2024 സെപ്റ്റംബർ, ഒക്ടോബർ, നവംബർ, ഡിസംബർ മാസങ്ങളിൽ ഒരു ലക്ഷം രൂപയിൽ കൂടുതൽ വേതനം നൽകിയതായി ബോധ്യപ്പെടുന്നു.

7. സെന്റർ ഫോർ മാനേജ്മെൻറ് ഡെവലപ്മെന്റ് ഡയറക്ടറുടെ 22/01/2024 ലെ CMD/DS/RKB/125/2024 നമ്പർ കത്ത് പ്രകാരം ശ്രീ. ശ്രീജിത്. ആർ. നായരുടെ സേവന കാലയളവ് 22.01.2024 മുതൽ ഒരു വർഷത്തേക്ക് ദീര്ഘിപ്പിച്ച് അറിയിപ്പ് നൽകിയതായി കാണുന്നു. പ്രസ്തുത കത്തിൽ ക്രമ നമ്പർ 1 മുതൽ 10 വരെ ഉപാധികളും നിബന്ധനകളും ഉൾപ്പെടുത്തിയിരിക്കുന്നു. ഇതിൽ ക്രമ നമ്പർ 4 ൽ പ്രതിഫലം പ്രതിമാസം കണ്സോളിഡേറ്റഡ് പേ ഒരു ലക്ഷം ആയിരിക്കും എന്ന് കാണിച്ചിരിക്കുന്നു. വേതനം മുൻപ് നിശ്ചയിച്ച നിരക്കിൽ ഭേദഗതി വരുത്തിയത് സംബന്ധിച്ച് കേരളാ സഹകരണ ക്ഷീര വിപണന ഫെഡറേഷൻ ഭരണ സമിതി തീരുമാനമോ മറ്റ് രേഖകളോ പരിശോധനയിൽ ലഭ്യമായില്ല.

8. കേരളാ സഹകരണ ക്ഷീര വിപണന ഫെഡറേഷന് കീഴിലുള്ള സെൻട്രൽ പ്രൊഡക്ട്സ് ഡയറി ആലപ്പുഴ, മൂന്ന് മേഖലാ യൂണിയനുകൾ എന്നിവ മുഖേന 2022, 2023, 2024 വർഷങ്ങളിൽ വിവിധ ഉത്പന്നങ്ങൾ വിപണനം നടത്തിയ കണക്കുകൾ പരിശോധനക്ക് ലഭ്യമാക്കുകയുണ്ടായി. സുസ്ഥിരമായ വിപണന വർദ്ധനവ് ബോധ്യപ്പെട്ടില്ല. ആദ്യ നിയമനം ഒരു വർഷത്തേക്ക് ആയിരുന്നു എങ്കിലും പിന്നീട് 6 മാസക്കാലത്തേക്കും ഒരു വർഷത്തേക്കും സേവനം

ദീർഘിപ്പിച്ചു നൽകുകയുണ്ടായി. സേവന കാലാവധി ദീർഘിപ്പിച്ചു നൽകുന്നതിന് മുന്പ് കേരളാ സഹകരണ ക്ഷീര വിപണന ഫെഡറേഷനിൽ മാർക്കറ്റിംഗ് കൺസൾട്ടന്റിനെ പ്രത്യേകമായി നിയോഗിച്ചത് കൊണ്ട് മിൽമ ഉല്പന്നങ്ങളുടെ വിപണനത്തിൽ സുസ്ഥിരമായ പുരോഗതി വിലയിരുത്തിയതായി പരിശോധനയിൽ ബോധ്യപ്പെട്ടില്ല.

**Signed by Sheeba Khamer**
**Date: 16-02-2025 19:37:08**

പട്ടം ,

16/02/2025

ഷീബ ഖമർ,

ജോയിന്റ് ഡയറക്ടർ/ ക്വാളിറ്റി മാനേജർ

സ്റ്റേറ്റ് ഡയറി ലാബ്

# അനുബന്ധം

| ക്രമ നം. | വിഷയം | |
|---|---|---|
| 1 | 26/04/2022 ൽ കൂടിയ കേരളാ സഹകരണ ക്ഷീര വിപണന ഫെഡറേഷൻറെ 346 –ാം മത് ഭരണ സമിതി യോഗത്തിലെ 3336 – ാം നമ്പർ തീരുമാനം | അനുബന്ധം – 1 |
| 2 | കേരളാ സഹകരണ ക്ഷീര വിപണന ഫെഡറേഷൻ മാനേജിംഗ് ഡയറക്ടറുടെ 29/04/2022 ലെ PER:04/2019 നമ്പർ കത്ത് | അനുബന്ധം –02 |
| 3 | സെന്റർ ഫോർ മാനേജ്മെൻറ് ഡെവലപ്മെന്റ് ഡയറക്ടറുടെ 29/06/2022 ലെ CMD/489/22 നമ്പർ കത്ത് | അനുബന്ധം – 03 |
| 4 | 3/07/2022 ൽ കൂടിയ കേരളാ സഹകരണ ക്ഷീര വിപണന ഫെഡറേഷന്റെ 349 –ാം മത് ഭരണ സമിതി യോഗത്തിലെ 3384 – ാം നമ്പർ തീരുമാനം | അനുബന്ധം – 04 |
| 5 | സെന്റർ ഫോർ മാനേജ്മെൻറ് ഡെവലപ്മെന്റ് ഡയറക്ടറുടെ 14/07/2022 ലെ CMD/DS/983/2022 നമ്പർ കത്ത് | അനുബന്ധം – 05 |
| 6 | Bachelor of Arts ( English Literature ) – Kerala University | അനുബന്ധം – 06 |
| 7 | MBA from R. V. S. College of Engineering and Technology, Dindigul, Madurai Kamaraj University | അനുബന്ധം – 07 |
| 8 | Senior Management Programme ( Blended Learning Programme) from IIM, Ahmedabad 2017-18 | അനുബന്ധം – 08 |
| 9 | സെന്റർ ഫോർ മാനേജ്മെൻറ് ഡെവലപ്മെന്റ് ഡയറക്ടറുടെ 22/01/2024 ലെ CMD/DS/RKB/125/2024 നമ്പർ കത്ത് | അനുബന്ധം – 09 |
| 10 | ജോലിയിൽ പ്രവേശിച്ച തിയ്യതി മുതൽ 31/12/2024 വരെ വേതനം ഇനത്തിൽ 28,79,864/- രൂപയും ടി.എ. ഇനത്തിൽ 6,76,837.67 /- രൂപയും നൽകിയതായി കാണുന്നു. വേതനം , ടി. എ. , ഡി. എ. അടക്കം മൊത്തം 35,56,701.67/- രൂപ കേരളാ സഹകരണ ക്ഷീര വിപണന ഫെഡറേഷനിൽ നിന്നും നൽകിയിട്ടുണ്ട് | അനുബന്ധം – 10 |

**Signed by Sheeba Khamer**
**Date: 16-02-2025 19:46:47**

അനുബന്ധം - I

# കേരള സഹകരണ ക്ഷീര വിപണന ഫെഡറേഷൻ

## മിൽമ ഭവൻ, പട്ടം പാലസ് പി.ഒ, തിരുവനന്തപുരം

**26.04.2022 ൽ കൂടിയ കേരള സഹകരണ ക്ഷീരവിപണന ഫെഡറേഷന്റെ 346–ാമത് ഭരണ സമിതി യോഗ നടപടിക്കുറിപ്പിന്റെ സംക്ഷിപ്തരൂപം**

x x x x x x x x x x x x

വിഷയം നമ്പർ 9

ഫെഡറേഷന്റെ മാർക്കറ്റിംഗ് വിഭാഗത്തിലെ മാനവവിഭവശേഷിയുടെ അപര്യാപ്തത നികത്തുന്നത് സംബന്ധിച്ച്

തീരുമാനം 3336

ഫെഡറേഷന്റെ മാർക്കറ്റിംഗ് വിഭാഗത്തിന്റെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനും, പ്രവർത്തനങ്ങൾ ഏകീകരിച്ച് നടപ്പിലാക്കുന്നതിനും, നിർദ്ദേശങ്ങളും ആശയങ്ങളും നൽകി മേൽനോട്ടം വഹിക്കുന്നതിനും ഈ മേഖല കളിൽ പ്രവൃത്തി പരിചയമുള്ള മാനേജർ പദവിയിലുള്ള വ്യക്തിയെ കൺസൾട്ടൻസി വ്യവസ്ഥയിൽ നിയോഗിക്കുന്ന തിനും യോഗ്യതയായി 50 വയസ്സും എം.ബി.എ മാർക്കറ്റിംഗും എഫ്.എം.സി.ജി മാർക്കറ്റിംഗിൽ 10 വർഷം പരിചയ സമ്പന്നതയും ഉൾപ്പെടുത്തുവാനും ഭരണസമിതി തീരുമാനിച്ചു. കൂടാതെ മേൽപ്പറഞ്ഞിരിക്കുന്ന യോഗ്യതയുള്ള വ്യക്തിയെ നിയമിക്കുന്നതിനായി നടപടികൾ സ്വീകരിച്ച് വിശദാംശങ്ങൾ അടുത്ത ഭരണസമിതി യോഗത്തിൽ സമർപ്പിക്കുവാൻ മാനേജിംഗ് ഡയറക്ടറെ ചുമതലപ്പെടുത്തി.

x x x x x x x x x x x x

//ശരിപകർപ്പ്//

മാനേജിംഗ് ഡയറക്ടർ

ജനറൽ മാനേജർ - 2

milma

# കേരള കോ-ഓപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷൻ ലിമിറ്റഡ്

# Kerala Co-operative Milk Marketing Federation Ltd.

PER:04/2019

29th April 2022

**Director**
**Centre for Management Development**
**Thycaud, Trivandrum**

Sir,

Sub: Requirement of personnel
Ref: Our Work order No:PER:04/2019/6872 dtd 29.10.2019

We refer to the work order cited above. Based on our current manpower requirements, we request to fill one vacancy of Marketing Consultant through outsourcing basis.

| Sl. No | Assignment | Qualification | Nos. required | Remuneration | Place of Posting |
|---|---|---|---|---|---|
| 1 | Marketing Consultant | 1. MBA with specialisation in marketing or equivalent from a recognized University.<br>2. 10 years experience in managerial Position in a reputed organization involving marketing of Dairy/food products/FMCG is must<br>3. Age preferably 50 years | 1 | Rs 4000 /- per day & TA, DA as per prevailing rules of KCMMF | KCMMF Head Office, Pattom |

The initial engagement would be for a period of one year as per the terms and conditions in the agreement which is to be executed between two parties.

We once again request that the process may be initiated as above and we look forward to hear from you.

Yours faithfully

**MANAGING DIRECTOR**

55

"Milma Bhavan", Pattom Palace P.O, Thiruvananthapuram, Kerala-695004
Phone : 0471 - 2786403, 2786426
E-mail : milma@milma.com, Web Site : www.milma.com

അനുബന്ധം - 3

സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റ്
(ഒരു കേരള സർക്കാർ സ്വയംഭരണ സ്ഥാപനം)
തൈക്കാട്, തിരുവനന്തപുരം - 695 014, കേരളം

CENTRE FOR MANAGEMENT DEVELOPMENT
(An autonomous institution sponsored by the Government of Kerala)

No. CMD/489/22

June 29, 2022

**The Managing Director**
**Kerala Co-operative Milk Marketing Federation Ltd.**
Milma Bhavan, Pattom Place P.O.,
Thiruvananthapuram- 695 004

Dear Sir,

***Sub: Recruitment for selection to the post of Marketing Consultant - Interview Result - reg.***

***Ref: 1. Notification No.CMD/KCMMF/01/2022 dated 06.05.2022***
***2. Letter No. PER: 04/2019/4436 dated 29.04.2022***

Please find enclosed the result of Interview held on June 17, 2022 for selection to the post of Marketing Consultant in Kerala Co-operative Milk Marketing Federation Ltd.

We hope this is in order.

Thank you.
Yours Sincerely,

**Riyas K. Basheer**
**Associate Professor**

**Encl:** As above



Thycaud | Thiruvananthapuram - 695 014 | Kerala | India
Phone Off: +91-471-2320101 | Director (Per) + 91-471-2328737
Fax: +91-471-2331253 | e-mail: mail@kcmd.in
www.cmdkerala.net

52

## Abstract

No. of Applications received : 20 nos.
No. of Candidates shortlisted for the Interview : 02 nos.
Interview Date : June 17, 2022 (Friday)
No. of Candidates attended the Interview : 02 nos.

### Roll Number-Wise Mark List

| Sl. No. | Roll No. | Name | Address | Mark Scored (Out of 20) |
|---|---|---|---|---|
| 1 | 25001 | Ramesan P. A. | Sabhalyam,<br>East Kurumassery,<br>Kurumassery P O, Aluva,<br>Ernakulam- 683 579 | 14 |
| 2 | 25002 | Shreejith R. Nair | Sree Sadanam,<br>Koickal Bhagam,<br>Peruvelikara P.O., West Kallada,<br>Kollam- 691 500 | 13.5 |

Centre For Management Development Thiruvananthapuram

53

# Rank List

| Rank | Roll No. | Name | Address | E-mail ID | Mobile No. |
|---|---|---|---|---|---|
| 1 | 25001 | Ramesan P. A. | Sabhalyam,<br>East Kurumassery,<br>Kurumassery P O, Aluva,<br>Ernakulam- 683 579 | ramesanpa@gmail.com | 9446081369 |
| 2 | 25002 | Shreejith R. Nair | Sree Sadanam,<br>Koickal Bhagam,<br>Peruvelikara P.O., West Kallada,<br>Kollam- 691 500 | shreejith.rn@gmail.com | 9048506744 |

The members of the selection committee were:

1. Dr. K. S. Chandrasekar, Professor & Head, Institute of Management in Kerala (IMK)
2. Riyas K. Basheer, Associate Professor, Centre for Management Development (CMD)

****************************************************************************************************

Centre For Management Development Thiruvananthapuram

അനുബന്ധം - 4

# കേരള സഹകരണ ക്ഷീര വിപണന ഫെഡറേഷൻ
## മിൽമ ഭവൻ, പട്ടം പാലസ് പി.ഒ, തിരുവനന്തപുരം

**13.07.2022 ബുധനാഴ്ച്ച രാവിലെ 10.30 മണിക്ക് കേരള സഹകരണ ക്ഷീരവിപണന ഫെഡറേഷന്റെ ആസ്ഥാന മന്ദിരത്തിൽ വച്ച് കൂടിയ ഫെഡറേഷന്റെ 349-ാമത് ഭരണ സമിതി യോഗ നടപടിക്കുറിപ്പിന്റെ സംക്ഷിപ്തരൂപം**

x x x x x x x x x x x x

**വിഷയം നമ്പർ 3**

ഫെഡറേഷന്റെ മാർക്കറ്റിംഗ് വിഭാഗത്തിലെ മാനവവിഭവശേഷിയുടെ അപര്യാപ്തത നികത്തുന്നത് സംബന്ധിച്ച്

**തീരുമാനം 3384**

ഫെഡറേഷന്റെ മാർക്കറ്റിംഗ് വിഭാഗത്തിന്റെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനും, ഏകീകരിച്ച് നടപ്പിലാക്കുന്നതിനും, നിർദ്ദേശങ്ങളും ആശയങ്ങളും നൽകി മേൽനോട്ടം വഹിക്കുന്നതിനും സി.എം.ഡി നടപടിക്രമങ്ങൾ പൂർത്തീകരിച്ച് ലഭ്യമാക്കിയിരിക്കുന്ന റാങ്ക് പട്ടികയിൽ ഒന്നാം റാങ്ക് ലഭിച്ച ശ്രീ.രമേശൻ പി.ഇ നിയമനത്തിന് താൽപര്യമില്ല എന്ന് അറിയിച്ചിരിക്കുന്ന സാഹചര്യത്തിൽ രണ്ടാം റാങ്ക് ലഭിച്ചിരിക്കുന്ന ശ്രീ.ശ്രീജിത്ത് ആർ-നെ ദിവസവേതന അടിസ്ഥാനത്തിൽ (ദിവസം 4000/- രൂപ) മാർക്കറ്റിംഗ് കൺസൾട്ടന്റായി കരാർ അടിസ്ഥാനത്തിൽ ഒരു വർഷത്തേക്ക് നിയമിക്കുന്നതിനു വേണ്ടിയുള്ള നടപടികൾ സ്വീകരിച്ച് രജിസ്ട്രാറുടെ അംഗീകാരത്തിനായി സമർപ്പിക്കുവാൻ ഭരണസമിതി മാനേജിംഗ് ഡയറക്ടറെ ചുമതലപ്പെടുത്തി.

x x x x x x x x x x x x

ചെയർമാൻ

ഡയറക്ടർ

മാനേജിംഗ് ഡയറക്ടർ

K.C.M.M.F. THIRUVANANTHAPURAM

അനുബന്ധം - 5

സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റ്
(ഒരു കേരള സർക്കാർ സ്വയംഭരണ സ്ഥാപനം)
തൈക്കാട്, തിരുവനന്തപുരം - 695 014, കേരളം

CENTRE FOR MANAGEMENT DEVELOPMENT
(An autonomous institution sponsored by the Government of Kerala)

No: CMD/DS/983/2022

14th July 2022

**Shri Shreejith R. Nair**
Sree Sadanam,Koickal Bhagam,
Peruvelikara P.O.
West Kallada, Kollam-691500

Dear Shri Shreejith,

**Sub: CMD – Manpower Support to KCMMF Ltd. - Offer of appointment on contract basis -reg.**

**Ref: W.O. No: PER: 04/2019/6872 dated. 29.10.2019 issued by KCMMF Ltd.**

Further to the submission of bio-data and subsequent performance in the on-line interview, we are happy to offer you the post of **Marketing Consultant** on contract basis at KCMMF Ltd., Head office, Pattom for a period of one year. During the period, your consolidated remuneration will be Rs. 4000/- per day. No other allowance except TA/DA as per prevailing rules of KCMMF Ltd. in case of official tour will be paid. Further, your appointment will be subject to the terms and conditions of the agreement to be executed by you on a stamp paper worth Rs. 200/- after joining duty. You are also required to produce a Police Clearance Certificate within a month from the date of joining duty.

You are requested to report for duty on 18th July 2022 at Head Office, KCMMF Ltd. and handover the enclosed Assumption of Charge Report to KCMMF Ltd. H.O duly filled-in for onward transmission to this office.

Yours Sincerely,

14/7/22

**(CA Dr. Binoy J. Kattadiyil)**
**Director**

Copy to: The Managing Director,
KCMMF Ltd., Pattom



Thycaud | Thiruvananthapuram - 695 014 | Kerala | India
Phone Off: +91-471-2320101 | Director (Per) + 91-471-2328737
Fax: +91-471-2331253 | e-mail: cmdtvm@dataone.in
www.cmdkerala.net

[illegible] - 6

Reg. No. & Year — II Year 30028 / A2000 — III Year 30028 / A2001

3087[illegible]

# UNIVERSITY OF KERALA

कर्मणि व्यज्यते प्रज्ञा

## FACULTY OF ARTS

The Senate of the University of Kerala hereby makes known that **Shreejith R. Nair** has been admitted to the Degree of Bachelor of Arts, he/~~she~~ having been certified by duly appointed Examiners to be qualified to receive the same and having been by them placed after passing the prescribed Examinations in the **Second** Class in Part I - English, in the **Third** Class in Part II - Additional Language ( **Hindi** ) and in the **Second** Class in Part III - Optional Subjects **Group VIII (a) English Language and Literature** Main and **History of English Literature and General Economics** Subsidiaries in **April 2000, April 2000 and April 2001** respectively.

Given under the seal of the University.

UNIVERSITY OF KERALA — कर्मणि व्यज्यते प्रज्ञा

University Buildings,

Thiruvananthapuram, **October 20, 2003.**

[signature]

Vice - Chancellor

Self Attested

Shreejith R

14/05/22

ஸ்ரீஜித்பாஸ்கரன் -7

A1901096

# மதுரை காமராசர் பல்கலைக்கழகம்

# Madurai Kamaraj University

## வணிகச் செயலாட்சிப் புலம்

## FACULTY OF BUSINESS ADMINISTRATION

மதுரை காமராசர் பல்கலைக்கழக ஆட்சிப்பேரவை

ஸ்ரீஜித் ஆர். நாயர் ——

வணிகச் செயலாட்சி நிறைஞர் பட்டம் பெறுதற்குத் தகுதியுடையவர் என முறையாக அமைக்கப்பெற்ற தேர்வினேர் ~~19~~ ____ / 2003 ஏப்ரல் இல் நடைபெற்ற தேர்வுகளில் சான்றளித்தவாறு, முதல் வகுப்புப் பெற்று, இப்பட்டப்பேற்றுக்கு உரியவர் ஆகின்றார் என இதன்வழி அறிவிக்கின்றது.

பல்கலைக்கழக முத்திரையுடன் இது வழங்கப்படுகின்றது.

The Senate of the MADURAI KAMARAJ UNIVERSITY hereby makes known that Shreejith R. Nair —— has been admitted to the Degree of Master of Business Administration, he / she having been certified by duly appointed Examiners to be qualified to receive the same, and having been by them placed in the First Class, at the Examination held in April ~~19~~ ____ / 2003.

Self Attested
Shreejith R.
14/05/22

Given under the seal of the University.

பல்கலைநகர், மதுரை-625 021.
Palkalainagar, Madurai-625 021
நாள் Dated: 20th OCTOBER 2003
ISSUED ON 12 FEB 2004

பதிவாளர்
Registrar

65

துணைவேந்தர்
Vice-Chancellor

67

विद्याविनियोगाद्विकासः
IIM
AHMEDABAD

# Indian Institute of Management Ahmedabad

This is to certify that

*Shreejith R. Nair*

has completed the

**Senior Management Programme**

Blended learning programme

(June 2017 – 18)

Self Attested
Shreejith R.
14/05/22

| | | | | |
|---|---|---|---|---|
| **Chetan Soman** | **Pradyumana Khokle** | **Sebastian Morris** | **Arvind Sahay** | **Shailesh Gandhi** |
| Faculty Co-Chair | Faculty Co-Chair | Faculty Co-Chair | Chair, Executive Education | Dean (Programmes) |

അനുബന്ധം - 9


സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റ്
(ഒരു കേരള സർക്കാർ സ്വയംഭരണ സ്ഥാപനം)
തൈക്കാട്, തിരുവനന്തപുരം – 695 014, കേരളം

CENTRE FOR MANAGEMENT DEVELOPMENT
(An autonomous institution sponsored by the Government of Kerala)


No: CMD/DS/RKB/125/2024

22-01-2024

***Sub: CMD-Manpower Support to KCMMF Ltd., Head Office, Pattom- Appointment of Shri Shreejith R. Nair., Marketing Consultant – reg.***

We are happy to inform your engagement as Marketing Consultant in Kerala Co-operative Milk Marketing Federation Ltd, Pattom, Trivandrum (KCMMF – MILMA) w.e.f 22nd January 2024 under the following terms and conditions.

1. The period of engagement will be one year from your date of joining.
2. Your designation will be Marketing Consultant.
3. Your headquarters will be KCMMF Head Office, Milma Bhavan, Trivandrum.
4. Remuneration will be a consolidated pay of Rs 1,00,000/- (One lakh) per month.
5. You will be eligible for 13 Public Holidays as declared by KCMMF Ltd.
6. You will be eligible for 1 casual leave per month which if not availed in a month will be carried forward to next month.
7. Entitlement for Tour and travel expenses will be at par with the entitlement of Grade I (a) category employees of KCMMF Ltd.
8. Absence of duty on any day other than Public Holiday, Casual leave, and the tour will be considered a Loss of Pay and will be proportionately deducted from Salary.
9. Your reporting officer will be the General Manager, KCMMF Ltd or such other Officer as directed by the Managing Director, KCMMF Ltd.
10. This engagement will be terminated with 15 days notice on either side.

You are directed to report before the Managing Director, KCMMF Ltd on 22.01.2024. The enclosed Assumption of Charge report may be completed and handed over to the HRD Section of KCMMF Ltd.

22/1/24

**(CA. Dr. Binoy J. Kattadiyil DSc)**
**Director& Member Secretary**

**Shri Shreejith R. Nair**
Marketing Consultant
KCMMF Ltd.
HO, Pattom, Thiruvananthapuram

Copy to: The Managing Director.
KCMMF Ltd. HO,
Thiruvananthapuram- This has a reference to mail dated 17-01-2024 for information.




Thycaud | Thiruvananthapuram - 695 014 | Kerala | India
Phone Off: +91-471-2320101 | Director (Per) + 91-471-2328737
Fax: +91-471-2331253 | e-mail: mail@cmd.kerala.gov.in

www.cmd.kerala.gov.in

അനുബന്ധം -10

## Wage and TA details of Marketing Consultant

| Month & Year | Consultant | | | |
|---|---|---|---|---|
| | No. of Person(s) | TA | Wages | Total Amount (Rs) |
| Jul-22 | 1 | 0.00 | 12,000.00 | 12,000.00 |
| Aug-22 | 1 | 24,119.00 | 88,000.00 | 1,12,119.00 |
| Sep-22 | 1 | 97,831.00 | 1,00,000.00 | 1,97,831.00 |
| Oct-22 | 1 | 13,775.00 | 92,000.00 | 1,05,775.00 |
| Nov-22 | 1 | 10,926.00 | 96,000.00 | 1,06,926.00 |
| Dec-22 | 1 | 0.00 | 1,00,000.00 | 1,00,000.00 |
| Jan-23 | 1 | 40,044.00 | 1,00,000.00 | 1,40,044.00 |
| Feb-23 | 1 | 12,193.00 | 96,000.00 | 1,08,193.00 |
| Mar-23 | 1 | 59,989.00 | 84,000.00 | 1,43,989.00 |
| Apr-23 | 1 | 13,245.00 | 1,04,000.00 | 1,17,245.00 |
| May-23 | 1 | 26,673.00 | 88,000.00 | 1,14,673.00 |
| Jun-23 | 1 | 47,142.00 | 1,08,000.00 | 1,55,142.00 |
| Jul-23 | 1 | 12,880.00 | 96,000.00 | 1,08,880.00 |
| Aug-23 | 1 | 8,758.00 | 98,000.00 | 1,06,758.00 |
| Sep-23 | 1 | 0.00 | 96,000.00 | 96,000.00 |
| Oct-23 | 1 | 23,273.67 | 88,000.00 | 1,11,273.67 |
| Nov-23 | 1 | 16,841.00 | 96,000.00 | 1,12,841.00 |
| Dec-23 | 1 | 0.00 | 1,00,000.00 | 1,00,000.00 |
| Jan-24 | 1 | 24,865.00 | 92,000.00 | 1,16,865.00 |
| Feb-24 | 1 | 30,744.00 | 96,774.00 | 1,27,518.00 |
| Mar-24 | 1 | 0.00 | 1,00,000.00 | 1,00,000.00 |
| Apr-24 | 1 | 36,147.00 | 96,774.00 | 1,32,921.00 |
| May-24 | 1 | 10,822.00 | 1,00,000.00 | 1,10,822.00 |
| Jun-24 | 1 | 13,100.00 | 1,00,000.00 | 1,13,100.00 |
| Jul-24 | 1 | 16,431.00 | 1,00,000.00 | 1,16,431.00 |
| Aug-24 | 1 | 15,323.00 | 1,00,000.00 | 1,15,323.00 |
| Sep-24 | 1 | 55,041.00 | 1,09,290.00 | 1,64,331.00 |
| Oct-24 | 1 | 56,671.00 | 1,14,400.00 | 1,71,071.00 |
| Nov-24 | 1 | 10,004.00 | 1,14,400.00 | 1,24,404.00 |
| Dec-24 | 1 | not yet submitted | 1,14,226.00 | 1,14,226.00 |
| **Total** | | **6,76,837.67** | **28,79,864.00** | **35,56,701.67** |